ഡോ. കെ. സി. ജോസഫ് : കൃഷി നാശം ഉണ്ടാകുന്നവർക്ക് ആശ്വാസം നൽകുവാൻ ഗവൺമെൻറിന് ഇപ്പോഴും എന്തെങ്കിലും പദ്ധതികളുണ്ടോ? ആ പദ്ധതി അനുസരിച്ചുള്ള ആശ്വാസമെങ്കിലും കൃഷിനാശം സംഭവിച്ചവർക്ക് കൊടുക്കുന്നതിന് ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ് : അത് ആലോചിക്കുന്നതാണ് .

V സബ്മിഷൻ

1. കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസ്

ശ്രീ. കെ. മുഹമ്മദാലി : സർ, ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിന് അപമാനകരമായിത്തീർന്നിട്ടുള്ള ഒരു ഓർഡിനൻസിനെക്കുറിച്ചാണ് ഞാൻ ഇവിടെ സംസാരിക്കാൻ ആഗ്രഹിക്കുന്നത്. കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസ് എന്നാണ് അതിൻെറ പേര്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് ഈ രംഗത്തേക്ക് കടന്നുവന്നിട്ടുള്ളത്. അങ്ങനെയുള്ള അദ്ദേഹത്തിന് ഇത്ര ജനാധിപത്യവിരുദ്ധമായ ഒരു ഓർഡിനൻസ് കൊണ്ടുവരുവാൻ എങ്ങനെ കഴിഞ്ഞുവെന്ന് ഞാൻ ചോദിച്ചു പോവുകയാണ്. എല്ലാ യൂണിവേഴ്സിറ്റി സ്ഥാപനങ്ങളേയും ഇല്ലാതാക്കിക്കൊണ്ട്, യൂണിവേഴ്സിറ്റി, സെനറ്റ്, സിൻഡിക്കേറ്റ് എന്നിവ പൂർണ്ണമായും ഇല്ലാതാക്കിക്കൊണ്ട്, സിൻഡിക്കേറ്റ് പൂർണ്ണമായും വൈസ് ചാൻസലർ നിയോഗിക്കുന്ന ഒരു സമിതിയാക്കിമാറ്റിക്കൊണ്ട്, ഒരു ഓർഡിനൻസ് പുറത്തുവന്നിരിക്കുകയാണ്. യൂണിവേഴ്സിറ്റി സെനറ്റ്, സിൻഡിക്കേറ്റ് എന്നിവയിൽ പെടുന്ന അംഗങ്ങളെ സസ്പെൻറു ചെയ്യാൻ വരെയുള്ള അധികാരം ഓർഡിനൻസിലൂടെ വൈസ് ചാൻസലർക്ക് നൽകിയിരിക്കുകയാണ്. ഇതുപോലൊരു ഓർഡിനൻസ് കൊണ്ടുവരുന്നതിന് ഇൻഡ്യയിലെ ഒരു യൂണിവേഴ്സിറ്റിയിലും ആരും തന്നെ തയ്യാറാകുമെന്ന് ഞാൻ കരുതുന്നില്ല. എല്ലാ കീഴ്വഴക്കങ്ങളെയും ജനാധിപത്യ മര്യാദകളെയും ലംഘിച്ചുകൊണ്ടാണ് ഈ ഓർഡിനൻസ് തയ്യാറാക്കിയിരിക്കുന്നത്.

ഈ വൈസ്ചാൻസലർക്ക് തുടരുവാൻ വേണ്ടിമാത്രം തയ്യാറാക്കിയിരിക്കുന്ന രീതിയിലാണ് ഇതിലെ ചട്ടങ്ങളും റൂളുകളും തയ്യാറാക്കിയിരിക്കുന്നത്. വൈസ്ചാൻസലർ തെരഞ്ഞെടുക്കുന്ന മൂന്നു കമ്മറ്റികളും ഉണ്ട്. സിൻഡിക്കേറ്റിൻെറ പ്രതിനിധി, യു. ജി. സി. യുടെ പ്രതിനിധി, ഗവൺമെൻറിൻെറ പ്രതിനിധി എന്നിവർ കമ്മറ്റിയിൽ അംഗങ്ങളാണ്. ഈ ഓർഡിനസ് പുറത്തുവന്ന അന്നുതന്നെ അദ്ദേഹം ഡൽഹിയിൽ പോയി യു. ജി. സി. യുടെ പ്രതിനിധിയായി എഴുതി കൊണ്ട് വന്നിരിക്കുകയാണ്. അദ്ദേഹം നിയോഗിക്കുന്ന സിൻഡിക്കേറ്റാണ് അടുത്തയാളെ നിർദ്ദേശിക്കേണ്ടത്. അങ്ങനെ അദ്ദേഹത്തിന് മാത്രം കടന്നുവരാൻ കഴിയുന്ന വിധത്തിൽ ചെരിപ്പിന് പാകമായി കാലു മുറിച്ചു കൊണ്ടാണ് ഈ ഓർഡിനൻസ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇത് ദൂരവ്യാപകമായ പല പ്രശ്നങ്ങളുമുണ്ടാക്കുമെന്നുള്ളതിന് സംശയമില്ല. എല്ലാരംഗത്തുമുള്ള ആളുകളും ഇതുസംബന്ധിച്ച് ചർച്ചയിൽ പങ്കെടുക്കേണ്ടതായിരുന്നു. ഇതിനെക്കുറിച്ച് ചർച്ച ചെയ്യണം ഞങ്ങളുടെ അഭിപ്രായംകൂടി കേൾക്കണം എന്ന് രേഖാമൂലം എഴുതിക്കൊടുത്തിട്ടു കൂടി അത് മാനിക്കാതെയാണ് വളരെ തിടുക്കത്തിൽ ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്. സിൻഡിക്കേറ്റിനെ വൈസ്ചാൻസലർ നിയോഗിക്കുന്നു. ഇന്ത്യയിലെ മറെറാരു യൂണിവേഴ്സിറ്റിയിലുമില്ലാത്ത ഈ ഓർഡിനൻസ് പിൻവലിക്കുന്നതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി തയ്യാറാകണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അഭ്യർത്ഥിക്കുകയാണ്. ജനങ്ങൾക്കിടയിലും അക്കാഡമിക് മേഖലകളിലും മറ്റു വിദ്യാഭ്യാസ മേഖലകളിലും നീതി ഉറപ്പുവരുത്തുന്നതിനു വേണ്ടി അടിയന്തിരമായി ഈ ഓർഡിനൻസ് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കൊച്ചിൻ യൂണിവേഴ്സിറ്റിയെ ശാസ്ത്ര-സാങ്കേതിക രംഗത്ത് ഒരു ഉന്നതവിദ്യാഭ്യാസ കേന്ദ്രമായി ഉയർത്തുകയെന്നുള്ളതാണ് ഈ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ള സംഗതി. ഇതിനുവേണ്ടി നേരത്തെ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഒരു വിദഗ്ധകമ്മിറ്റി ഇതിനെക്കുറിച്ച് പഠിക്കുകയുണ്ടായി. ശ്രീ. വി. ആർ. പിള്ള, ഡോക്ടർ ഗവാരിക്കർ, ഡോക്ടർ എം. ആർ. സീതാറാം, ഇപ്പോഴത്തെ ചീഫ് സെക്രട്ടറി ശ്രീ. വി. രാമചന്ദ്രൻ, വൈസ് ചാൻസലർ ഡോക്ടർ ഗോപാലൻ ഡോക്ടർ എസ്. വാസുദേവൻ ഇവരായിരുന്നു ഈ കമ്മിറ്റിയിലെ അംഗങ്ങൾ. ഈ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കൊച്ചിൻ സർവകലാശാലയെ ഉന്നത ശാസ്ത്ര-സാങ്കേതിക രംഗത്ത് ഊന്നൽ നൽകുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ടായി പരിവർത്തനം ചെയ്യുന്നതിനു വേണ്ടി യൂണിവേഴ്സിറ്റിയുടെ ഘടനയിലും സ്വഭാവത്തിലും മാറ്റം വരുത്തിയിട്ടുള്ളത്. യൂണിവേഴ്സിറ്റികളുടെ ജനാധിപത്യപരമായ സ്വഭാവം കളയണമെന്ന് ഈ ഗവൺമെൻറ് ആഗ്രഹിക്കുന്നില്ല. ആ നിലയിൽ ഉദ്ദേശിച്ചുകൊണ്ടല്ല ഈ ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. ശാസ്ത്ര-സാങ്കേതിക രംഗത്ത് ഉപരിപഠനം ബിരുദാനന്തരം ഗവേഷണപഠനം മാത്രമായിരിക്കും ഈ യൂണിവേഴ്സിറ്റിയുടെ ലക്ഷ്യം. അതിനൊരു അടിസ്ഥാനത്തിൽ ഉണ്ടാക്കിയിരിക്കുന്ന ഇപ്പോഴത്തെ ഈ ഓർഡിനൻസിൽ സിൻഡിക്കേറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അംഗങ്ങൾ ഇല്ലെന്നു പറഞ്ഞത് ശരിയാണ്. അതുപോലെതന്നെ അക്കാഡമിക് കൗൺസിലിലേക്കും തെരഞ്ഞെടുപ്പ് വച്ചിട്ടില്ല. സെനറ്റ് ഉണ്ടായിരിക്കുന്നതല്ല. ഒരു യൂണിറ്റി സ്വഭാവമാണ് ഈ സ്ഥാപനത്തിനുള്ളത്. ഇതിലേക്ക് അഫിലിയേറ്റ് ചെയ്യുന്ന സ്ഥാപനങ്ങൾ ഇല്ല. ഇതാണ് സംക്ഷിപ്തമായിട്ട് ഇതിനെക്കുറിച്ച് പറയാനുള്ളത്. ഈ ഓർഡിനൻസ് നിയമസഭയിൽ ചർച്ച ചെയ്യാനുള്ളതാണ്. ഗാന്ധിജി യൂണിവേഴ്സിറ്റി ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷവും ഇവിടെ നിയമസഭയിൽ ചർച്ച ചെയ്യുകയും അതിനുശേഷം സബ്ജക്റ്റ് കമ്മിറ്റിയിൽ പോയപ്പോഴും ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ എല്ലാ നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് എല്ലാവരും കൂടി യോജിച്ച ഒരു റിപ്പോർട്ടാണ് നിയമസഭയിൽ സമർപ്പിച്ച് പാസ്സാക്കിയെടുക്കുകയും ചെയ്തത്. ഗവൺമെൻറിനു ഇതിനകത്ത് പിടിവാശിയൊന്നുമില്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾ പ്രത്യേകമായിട്ട് പരിശോധിക്കുന്നതാണ്. ഈ ഓർഡിനൻസ് നിയമസഭാസമ്മേളനം കഴിഞ്ഞാലുടനെ റീ ഇഷ്യൂ ചെയ്യേണ്ടിവരും. ആ സന്ദർഭത്തിൽ ഇവിടെ പറഞ്ഞ പോയിൻറുകൾ ഒന്നു കൂടി സജീവമായിട്ട് പരിഗണിക്കുന്നതും ആവശ്യമെങ്കിൽ ആവശ്യമായിട്ടുള്ള ഭേദഗതികൾ കൊണ്ടുവരുന്നതുമാണ്.

2. ചിറയിൻകീഴ് താലൂക്ക് ഗവൺമെൻറാശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. പി. വിജയദാസ് : സർ, ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ചിറയിൻകീഴ് ഗവൺമെൻറ് ആശുപത്രിയുടെ സ്ഥിതിയാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ആ ആശുപത്രിക്കകത്തു കയറാൻ പോലും കഴിയാത്ത നിലയിൽ ശോചനീയമായ അവസ്ഥയാണ് അവിടെ

LIBRARY ARCHIVES Kerala Legislative Assembly